പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1842 16.06.2014 ൽ മറുപടിക്ക്

## നിർഭയകേരളം-സുരക്ഷിത കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വർക്കല കഹാർ<br>,, പി.സി. വിഷ്ണുനാഥ്<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | മിഷൻ 676- ൽ ഉൾപ്പെടുത്തി നിർഭയകേരളം- സുരക്ഷിത കേരളം പദ്ധതികൾ പ്രഖ്യാപി ച്ചിട്ടുണ്ടോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ "നിർഭയകേരളം സുരക്ഷിത കേരളം" എന്ന പദ്ധതി നടപ്പിലാക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം നടത്തുക. ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണവും, പുനരധിവാസവും നൽകുക തുടങ്ങിയവയും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) യും (ഡി) യും | 'നിർഭയ കേരളം സുരക്ഷിതകേരളം' എന്ന പദ്ധതി പ്രാരംഭഘട്ടമെന്ന നിലയിൽ എറണാകുളംജില്ലയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ നോഡൽ ഓഫീസറായി ADGP ശ്രീമതി ആർ. ശ്രീലേഖ ഐ.പി.എസ്. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലേക്ക് വേണ്ട വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നതിനായി നോഡൽ |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

ഓഫീസറുടെ നേതൃത്വത്തിൽ
എറണാകുളം ജില്ലാ കളക്ടർ
(കൺവീനർ & ജില്ലാ
കോർഡിനേറ്റിംഗ് ഓഫീസർ)
എറണാകുളം സിറ്റി പോലീസ്
കമ്മീഷണർ (മെമ്പർ)
എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയും
രൂപീകരിച്ചിട്ടുണ്ട്. പോലീസ്
സേനയുടെ പ്രത്യേകിച്ചും
വനിതാപോലീസിന്റെ അംഗബലം
വർദ്ധിപ്പിച്ചും പോലീസ്
സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാ
ക്കാനുള്ള നടപടികൾ സ്വീകരിച്ചും
വനിതാവോളണ്ടിയർമാരെ
തെരഞ്ഞെടുത്തും അവർക്ക്
പരിശീലനം നൽകി പോലീസുദ്യോ
ഗസ്ഥരുമായി ചേർന്ന് പ്രവർത്തിച്ചും
പ്രസ്തുത പദ്ധതി കാര്യക്ഷമമായി
നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

#